

**TUESDAY** 24-01-2023 **ചൊവ്വാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–24/01/2023.

1. 2023 ജനുവരി 24 മുതൽ 28 വരെ നെടുമങ്ങാട് കാർഷിക ബ്ലോക്കിൽ വച്ചു കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം 'കൃഷിദർശൻ' -നോട് അനുബന്ധിച്ച് മാധ്യമ അവാർഡുകൾ നൽകുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിൽ കാർഷിക- അനുബന്ധ മേഖലയിൽ മാധ്യമങ്ങൾ മുഖേനയുള്ള കാർഷിക വിജ്ഞാന വ്യാപനവും കൃഷി സംബന്ധമായ വാർത്താ പ്രചരണവും നടത്തിയിട്ടുള്ള റിപ്പോർട്ടർമാർക്ക് / മാധ്യമങ്ങൾക്ക് ആണ് അവാർഡ് നൽകുന്നതെന്നു ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. അച്ചടി- ദൃശ്യ- ശ്രവ്യ വിഭാഗങ്ങളിൽ പ്രത്യേകം ആണ് അവാർഡ് നോമിനേഷനുകൾ ക്ഷണിച്ചിട്ടുള്ളത്. കാർഷിക -അനുബന്ധ മേഖലയിൽ കഴിഞ്ഞ ഒരു വർഷം നൽകിയിട്ടുള്ള റിപ്പോർട്ടുകളുടെയും ഫോട്ടോകളുടെയും പകർപ്പുകളോടൊപ്പം സ്വയം തയ്യാറാക്കിയിട്ടുള്ള അപേക്ഷകൾ 25.01.2023 ബുധനാഴ്ച്ച 5 മണിക്ക് മുൻപായി ddettvpm@gmail.com എന്ന ഇ-മെയിലിലേക്ക് അയക്കേണ്ടതാണ്. മികച്ച എൻട്രികൾക്ക് 28.01.2023 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വച്ച് അവാർഡുകൾ നൽകുന്നതാണ്.

2. വിതച്ച് 55 ദിവസം മുതൽ 65 ദിവസം വരെ പ്രായമായ കായൽ നിലങ്ങളിലും, തകഴി, കൈനകരി, ചമ്പക്കുളം, നീലംപേരൂർ, മുട്ടാർ, വെളിയനാട്, പുളിങ്കുന്ന് കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിലും, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ ഉപയോഗിക്കരുത്. നിലവിൽ രാസകീടനാശിനികൾ പ്രയോഗിക്കേണ്ട സാഹചര്യം എവിടേയും ഇല്ല. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. സാങ്കേതിക സഹായത്തിനായി മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ, നെല്ല് ഗവേഷണ കേന്ദ്രവുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470696, 9447866981, 9447248481 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പും ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെയും ഭാഗമായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ സൗജന്യ ചർമ്മമുഴ രോഗപ്രതിരോധ കുത്തിവെപ്പ് നടത്തുന്നു. ഫെബ്രുവരി 24 വരെ നടക്കുന്ന ഈ തീവ്ര യജ്ഞത്തിൽ നാലുമാസത്തിനുമേൽ പ്രായമുള്ള കന്നു കുട്ടികളെയും പശുക്കളെയും സൗജന്യ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അവോക്കാഡോ ഗ്രാഫ്റ്റ് തൈകൾ ലഭ്യമാണ്. വില 100/- രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല എന്ന് കേരള കാർഷിക സർവ്വകലാശാല പബ്ലിക് റിലേഷൻ ഓഫീസർ അറിയിക്കുന്നു. (ഫോൺ നമ്പർ 9496116596)

5. സംസ്ഥാന ക്ഷീരകർഷക സംഗമം 2023 നോട് അനുബന്ധിച്ച് ക്ഷീരകർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ, മൃഗസംരക്ഷണ വകുപ്പ് KDFWF, KLDB മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നു ക്ഷീര വികസന/ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ഷീരസ്വാന്തനം ഇൻഷുറൻസ്, കേരള ക്ഷീര കർഷക ക്ഷേമനിധി എന്നിവയുമായി ബന്ധപ്പെട്ട പരാതികളും ക്ഷീരസഹകരണ സംഘങ്ങളുടെ ആഡിറ്റ്, ആഡിറ്റ് ന്യൂനത വസ്തു/ കെട്ടിടത്തിനുള്ള അംഗീകാരം,ം ക്ഷീര സംഘം ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ, മിൽമ, സംഘങ്ങൾ/വിതരണക്കാർ ഉപഭോക്താക്കൾ എന്നിവ സംബന്ധിച്ച പരാതികൾ അദാലത്തിൽ സമർപ്പിക്കാവുന്നതാണ്. പരാതികൾ **സംസ്ഥാന ക്ഷീരസംഗമം ഫയൽ അദാലത്ത് എന്ന തലക്കെട്ടിൽ** ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, പട്ടം, പി ഒ, 695004 എന്ന വിലാസത്തിൽ ജനുവരി 25 നു മുൻപായി ലഭിക്കണം. പരാതികൾ dairyddtvm@gmail.com എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ കണ്ണാറയിലെ വാഴഗവേഷണ കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസത്തിൽ **'വാഴനാര് ഉല്പാദനവും ഉപയോഗവും'** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ 8078403142, 8921129006 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ച പരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷം മെയ് മാസം മുതൽ തുടരുന്നതാണ്. തേനീച്ച വളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗിക പരിശീലനവും ഉൾപെടുന്നതാണ്. രണ്ടാഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധിക വരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗിക പരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 04812353127, 7306464582 എന്നീ ഫോൺ നമ്പരുകളിലോ, training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ജനുവരി 24, 25 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'ആന്റിബയോട്ടിക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ'** എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ന് (24.01.2023) രാവിലെ 10 മുതൽ താനൂർ നഗരസഭ ഹാളിൽ വെച്ച് കർഷക സെമിനാറും ബോധവൽകരണ ക്ലാസും സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പ്പര്യമുള്ള കർഷകർ **0494 2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .